ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.12.2025**

## പ്രധാനവാർത്തകൾ

1. യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ ഓർമ പുതുക്കി വിശ്വാസികൾ; ക്രിസ്മസ് ദിനത്തിൽ ഡൽഹിയിലെ കത്തീഡ്രൽ ചർച്ച് ഓഫ് റിഡംപ്ഷൻ സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സദ്ഭരണദിനാചരണത്തോടനുബന്ധിച്ച് ഇന്ന് ലക്നൗവിലെത്തുന്ന പ്രധാനമന്ത്രി 'രാഷ്ട്ര പ്രേരണ സ്ഥൽ' ഉദ്ഘാടനം ചെയ്യും.
3. സദ്ഭരണത്തിന് പ്രധാന്യം നൽകിയ മഹദ് വ്യക്തിത്വമായിരുന്നു മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
4. സംസ്ഥാനത്ത് കോർപറേഷൻ, മുനിസിപ്പാലിറ്റി അധ്യക്ഷ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും.
5. മണ്ഡലപൂജയ്ക്ക് അയ്യന് ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുള്ള രഥഘോഷ യാത്ര തുടരുന്നു; നാളെ സന്നിധാനത്തെത്തും.
6. കായിക പ്രേമികൾക്ക് ആവേശമായി ലോക ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം തിരുവനന്തപുരത്ത്; ശ്രീലങ്കയുമായുള്ള മത്സരം നാളെ കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ.

RNU TVPM

## പ്രധാനമന്ത്രി സി.എൻ.ഐ ചർച്ച്

സ്നേഹത്തിൻറെയും പ്രത്യാശയുടെയും സന്ദേശവുമായി ക്രിസ്മസിനെ വരവേറ്റ് ലോകം. യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ ഓർമ പുതുക്കുകയാണ് ക്രൈസ്തവ വിശ്വാസികൾ.

**(music)**

ക്രിസ്മസ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ നോർത്ത് അവന്യൂവിലുള്ള സി.എൻ.ഐ സഭയുടെ റിഡംപ്ഷൻ കത്തീഡ്രൽ ചർച്ച് സന്ദർശിച്ചു. രാവിലെ 8.30 ഓടെ ദേവാലയത്തിലെത്തിയ പ്രധാനമന്ത്രി കുർബാനയടക്കമുള്ള പ്രാർഥനാ ചടങ്ങുകളിൽ പങ്കെടുത്തു. രാജ്യത്തിനും പ്രധാനമന്ത്രിയ്ക്കും വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടന്നു. കരോൾ ഗാനങ്ങൾ, സ്തുതിഗീതങ്ങൾ, ഡൽഹി ബിഷപ്പ് ഡോ. പോൾ സ്വരൂപ് പ്രധാനമന്ത്രിക്കുവേണ്ടി നടത്തിയ പ്രത്യേക പ്രാർത്ഥന എന്നിവ ചടങ്ങിൽ ഉൾപ്പെട്ടിരുന്നു. ബിജെപി കേരള അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അടക്കമുള്ളവർ പ്രധാനമന്ത്രിക്കൊപ്പമുണ്ടായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## ക്രിസ്മസ്

സംസ്ഥാനത്തിന് അകത്തും പുറത്തും ദേവാലയങ്ങളിൽ പാതിരാകുർബാനകളിൽ ആയിരങ്ങൾ പങ്കെടുത്തു. സിറോ മലബാർ സഭാ ആസ്ഥാനമായ കൊച്ചി സെൻറ് മൗണ്ടിൽ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ തിരുപ്പിറവി ചടങ്ങുകൾക്ക് നേതൃത്വം നൽകി.പാളയം സെന്റ് ജോസഫ് മെട്രോ പൊളിറ്റൻ കത്തിഡ്രലിൽ നടന്ന ക്രിസ്മസ് ദിന ശുശ്രൂഷകൾക്ക് ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോ നേതൃത്വം നൽകി. തിരുവനന്തപുരം പട്ടം സെൻറ്. മേരീസ് കത്തീഡ്രലിൽ കർദിനാൾ മാർ ബസേലിയോസ് ക്ലിമ്മിസ് ബാവ പ്രാർത്ഥനാ ചടങ്ങുകൾക്ക് നേതൃത്വം നൽകി. കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ ആർച്ച് ബിഷപ് ഡോ.വർഗീസ് ചക്കാലക്കൽ തിരുപ്പിറവി കർമ്മങ്ങൾക്ക് നേതൃത്വം നൽകി.എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ നടന്ന തിരുകർമങ്ങൾക്ക് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. മാർ ജോസഫ് കളത്തിപ്പറമ്പിൽ നേതൃത്വം നൽകി.

☸☸☸☸☸☸☸☸☸☸☸☸☸

## കണ്ണൂർ (ഇൻട്രോ)

തിരുപ്പിറവിയുടെ സ്മരണകളുമായി വിശ്വാസികൾ ക്രിസ്മസ് ആഘോഷത്തിൻറെ തിരക്കിൽ. ശാന്തിയുടെയും സമാധാനത്തിൻ്റെയും

RNI TVPM

സന്ദേശം പകർന്ന് പള്ളികളിൽ നടന്ന പാതിരാ കുർബാനയിലും തിരുകർമങ്ങളിലും നിരവധി പേർ പങ്കെടുത്തു.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട് ....**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## <u>പത്തനംതിട്ട (ഇൻട്രോ)</u>

കൗതുക കാഴ്ചനിറച്ച് ക്രിസ്തുമസിനായി ഒരുങ്ങിയ ഒരു വീടുണ്ട് പത്തനംതിട്ട കോന്നി വെട്ടൂരിൽ. കാർത്തികപ്പള്ളി സെന്റ് തോമസ്

ഹയർസെക്കന്ററി സ്കൂളിലെ ചിത്രകലാ അധ്യാപകനായ പ്രിൻസ് എബ്രഹാമിന്റെ വീടാണ് ഇത്തരത്തിൽ പുൽക്കൂടായി ഒരുങ്ങിയിട്ടുള്ളത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## <u>ക്രിസ്മസ് ലോകം</u>

യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ ഓർമയിൽ ക്രിസ്മസ് ആഘോഷിച്ച് ലോകമെമ്പാടുമുള്ള വിശ്വാസികൾ. വത്തിക്കാനിലെ സെൻ്റ് പീറ്റർ ബസിലിക്കയിൽ ലെയോ പതിനാലാമൻ മാർപ്പാപ്പ തിരുപ്പിറവി ചടങ്ങുകൾക്കും പാതിരാകുർബാനയ്ക്കും കാർമികത്വം വഹിച്ചു. മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള ലിയോ പതിനാലാമന്റെ ആദ്യ ക്രിസ്മസ് കൂടിയാണിത്. അപരിചിതരോടും ദരിദ്രരോടും ദയ കാണിക്കണമെന്ന് വിശ്വാസികളോട് മാർപാപ്പ ആഹ്വാനം ചെയ്തു. സഹായം വേണ്ടവനെ അവഗണിക്കുന്നത് ദൈവത്തെ അവഗണിക്കുന്നതിന് തുല്യമാണെന്നും ക്രിസ്മസ് രാവിലെ ദിവ്യബലിയിൽ മാർപ്പാപ്പ വിശ്വാസികളോട് പറഞ്ഞു. ഗാസയിലെ സംഘർഷം അയഞ്ഞതോടെ രണ്ട് വർഷത്തിനു ശേഷം യേശുദേവൻറെ ജന്മസ്ഥലമായ ബേത്‌ലഹേമിൽ ക്രിസ്മസ് ആഘോഷം പൂർണതോതിൽ നടന്നു. ഗൾഫിലെ ആരാധനാലയങ്ങളിലും തിരുപിറവി ആഘോഷം നടന്നു.

(**MUSIC CLOSE**)

❁❁❁❁❁❁❁❁❁❁❁❁❁

## മദൻ മോഹൻ മാളവ്യ

സ്വതന്ത്ര സമര സേനാനി മദൻ മോഹൻ മാളവ്യയുടെ സമാഹരിച്ച കൃതികളുടെ അവസാന വാല്യം ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. 11 വാല്യങ്ങളുടെ ആദ്യ പരമ്പര പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ പുറത്തിറക്കിയിരുന്നു.

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ മറ്റന്നാൾ വരെ അറിയിക്കാം.

## പി.എം.ലക്നൗ

ഇന്ത്യയുടെ മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം സദ്ഭരണദിനമായി ആചരിക്കുന്നു. അദ്ദേഹത്തിന്റെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ലക്നൗ സന്ദർശിക്കും. ഉച്ചയ്ക്ക് 2:30ന് 'രാഷ്ട്ര പ്രേരണ സ്ഥൽ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും. 65 ഏക്കർ വിസ്തൃതിയിൽ 230 കോടി രൂപ ചെലവിലാണ് രാഷ്ട്ര പ്രേരണ സ്ഥൽ നിർമ്മിച്ചിരിക്കുന്നത്.

RNU TVPM

## ലോക്ഭവൻ

സദ്ഭരണത്തിന് പ്രധാന്യം നൽകിയ മഹദ് വ്യക്തിത്വമായിരുന്നു മുൻ ഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. സദ്ഭരണ ദിനത്തിൽ വാജ്പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അവസാന വരിയിലെ അവസാന വ്യക്തിക്ക് വരെ സേവനം നൽകുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് സദ്ഭരണം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

പരിപാടിയ്ക്കെത്തിയ എല്ലാവർക്കും ഗവർണർ ഊഷ്മളമായ ക്രിസ്മസ് ആശംസകൾ നേർന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## കരട് വോട്ടർ പട്ടിക

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## മേയർ

കേരളത്തിൽ, കോർപറേഷൻ മേയർ, ഡപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൻ, വൈസ് ചെയർപഴ്സൻ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും. മേയർ, ചെയർപഴ്സൻ തിരഞ്ഞെടുപ്പ് രാവിലെ 10.30 നും ഡപ്യൂട്ടി മേയർ, വൈസ് ചെയർ പഴ്സൻ തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക ശേഷം 2.30 നുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായ ത്ത് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 27നു രാവിലെ 10.30 നും വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 2.30 നും നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## തൃശ്ശൂർ കോർപ്പറേഷൻ മേയർ

തൃശ്ശൂർ കോർപ്പറേഷൻ മേയർ ആയി ഡോക്ടർ നിജി ജസ്റ്റിനെയും, ഡെപ്യൂട്ടി മേയറായി എ പ്രസാദിനെയും പ്രഖ്യാപിച്ചു. ഡിസിസി പ്രസിഡൻറ് ജോസഫ് ടാജറ്റ് വാർത്താ സമ്മേളനത്തിലാണ് പ്രഖ്യാപനം നടത്തിയത്. എല്ലാവരുടെയും കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രഖ്യാപനമെന്ന് ജോസഫ് ടാജറ്റ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

മണ്ഡലപൂജയ്ക്ക് അയ്യന് ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുള്ള രഥഘോഷ യാത്ര നാളെ ശബരിമല സന്നിധാനത്തെത്തും. വൈകിട്ട് മൂന്നിന് പമ്പയിൽനിന്ന് പുറപ്പെട്ട് അഞ്ചോടെ ശരം കുത്തിയിൽ എത്തിച്ചേരുന്ന ഘോഷയാത്രയെ സന്നിധാനത്തേക്ക് ആനയിക്കും. മറ്റന്നാൾ ഉച്ചയ്ക്കാണ് മണ്ഡല പൂജ.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## കാസർഗോഡ് (ഇൻട്രോ)

കാസർഗോഡ് ജില്ലയിലെ ആലാമിപ്പള്ളി മുതൽ മടിയൻ വരെയുള്ള പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളുടേയും സാംസ്കാരിക നായകരുടേയും ജൻമകർമ ഭൂമികളിലൂടെയുള്ള ദേശീയ പൈതൃക നാഴി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ചു.
വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ.
(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ക്രിക്ക റ്റ്

കായിക പ്രേമികൾക്ക് ആവേശമായി ലോക ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം തിരുവനന്തപുരത്ത്; അനന്തപുരിയിലെത്തിയ ലോകജേതാക്കൾ 26, 28, 30 തീയതികളിൽ നടക്കുന്ന മത്സരങ്ങളിൽ ശ്രീലങ്കയുമായി ഏറ്റുമുട്ടും. കാര്യവട്ടം സ്പോർട്സ് ഹബ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁❁

## എ. ശ്രീനിവാസൻ

കണ്ണൂർ മാങ്ങാട്ടുപറമ്പ് കെഎപി നാലാം ബറ്റാലിയൻ കമാണ്ടന്റും ഫുട്ബോൾ താരവുമായ എ. ശ്രീനിവാസൻ അന്തരിച്ചു. 53 വയസ്സായിരുന്നു. മംഗളൂരുവിൽ ചികിത്സയിലിരിക്കെ ഇന്നലെ വൈകീട്ടായിരുന്നു അന്ത്യം. 1991-ൽ കോയമ്പത്തൂ രിൽ നടന്ന സന്തോഷ് ട്രോഫി ടൂർണമെന്റിൽ കേരള ടീം അം ഗമായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## സ്വർണ്ണ കള്ളക്കടത്ത് കേസ്

ശബരിമല സ്വർണ്ണ കള്ളക്കടത്ത് കേസ് അട്ടിമറിക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണെന്ന ആരോപണവുമായി കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. അന്താരാഷ്ട്ര കള്ളക്കടത്ത് സംഘം ഇതിന് പിന്നിൽ ഉണ്ടെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. കോടതിയുടെ മേൽനോട്ടത്തിൽ സിബിഐ സംഘം കേസ് അന്വേഷിക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സ്വർണവില

ഒരുലക്ഷം രൂപ പിന്നിട്ട സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. പവന് 240 രൂപ വർധിച്ച് സർവകാല റെക്കോഡിലെത്തി. ഒരുലക്ഷത്തി 2,120 രൂപയിലാണ് ഇന്നത്തെ വ്യാപാരം. ഗ്രാമിന് 12,765 രൂപ.

❁❁❁❁❁❁❁❁❁❁❁❁❁

## കരോൾ സംഘങ്ങൾ ഏറ്റുമുട്ടി

ആലപ്പുഴ ചാരുംമൂട് കരിമുളയ്ക്കലിൽ കരോൾ സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടി. കുട്ടികളും സ്ത്രീകളും അടക്കം ഒട്ടേറെപ്പേർക്ക് പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി പതിനൊന്നരയോടെയാണ് സംഭവം. രണ്ട് ക്ലബുകളുടെ നേതൃത്വത്തിലുള്ള കരോൾ സംഘങ്ങൾ തമ്മിലാണ് ഏറ്റുമുട്ടിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## എക്സൈസ് അറസ്റ്റ് ചെയ്തു

സിന്തറ്റിക് ലഹരിമരുന്നായ MDMA യുമായി മലപ്പുറം പെരുവള്ളൂരിൽ രണ്ടു പേരെ എക്സൈസ് അറസ്റ്റ് ചെയ്തു. 28 ഗ്രാം MDMAയുമായി താനൂർ കാട്ടിലങ്ങാടി സ്വദേശി ചെവിടിക്കുന്നൻ ജബീർ, പെരുവള്ളൂർ കുമണ്ണ ചെനക്കൽ സ്വദേശി കുവുങ്ങുംതോട്ടത്തിൽ മുഹമ്മദ് എന്നിവരാണ് പിടിയിലായത്.

❁❁❁❁❁❁❁❁❁❁❁❁❁

## ബസപകടം

കർണാടകയിലെ ചിത്രദുർഗയിൽ സ്ലീപ്പർ ബസ് ട്രക്കുമായി കൂട്ടിയിടിച്ച് തീപിടിച്ച് പത്തിലധികം പേർ മരിച്ചു. ബെംഗലൂരുവിൽ നിന്ന് ശിവമോഗയിലേക്ക് പോകുകയായിരുന്ന സീബേർഡ്കോ ച്ച് എന്ന ബസാണ് പുലർച്ചെ അപകടത്തിൽപ്പെ ട്ടത്. കർണാടക ബസ് അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകുമെന്നും അദ്ദേഹം അറിയിച്ചു . ചിത്രദുർഗ അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് രാഷ്ട്രപതി അനുശോചനം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

കേരളത്തിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് പകരം ഫോട്ടോ പതിപ്പിച്ച സ്ഥിരം നേറ്റിവിറ്റി കാർഡ് നൽകാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമായതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും സാമൂഹ്യ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന ആധികാരിക രേഖയായാണ് കാർഡ് നൽകുക.അതേസമയം കേരളത്തിൽ പുതിയ വ്യക്തിഗത രേഖ നടപ്പാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അപകടകരമായ വിഘടനവാദ രാഷ്ട്രീയത്തിന്റെ ഉദാഹരണമാണെന്ന് ബി ജെ പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വിമർശിച്ചു.

## ഖേൽരത്ന

ഇന്ത്യൻ ഹോക്കി ടീം വൈസ് ക്യാപ്റ്റൻ ഹർദിക് സിങ്ങിന് രാജ്യത്തെ പരമോന്നത കായിക ബഹുമതിയായ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരത്തിന് ശു പാർശ. ഇന്ത്യൻ ഒളി മ്പിക് അസോസിയേഷൻ വൈസ് പ്രസിഡൻറ് ഗഗൻ നരാങ് ഉൾപ്പെട്ട പുരസ്കാരസമിതിയാണ് ശുപാർശ സമർപ്പിച്ചത്. 2020 ടോക്യോ ഒളിമ്പിക്സിലും 2024 പാരീസ് ഒളിമ്പിക്സിലും വെങ്കല മെഡൽ നേടിയ ഇന്ത്യൻടീമിൽ അംഗമാണ് അദ്ദേഹം. വനിതാ ബാഡ്മിന്റൺ ജോഡിയായ ട്രീസ ജോളി, ഗായത്രി ഗോപിചന്ദ് എന്നിവരും കായിക ബഹുമതികൾക്കുള്ള ശുപാർശകളിൽ ഉൾപ്പെടുന്നു.

PNUTVPM